**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2449** **12-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ചെല്ലൂർ ഖരമാലിന്യ സംസ്കരണ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്ത് സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ്, പ്രദേശത്തെ ജനജീവിതം ദുസ്സഹമാക്കുമെന്നും സമീപ പ്രദേശത്തെ കിണറുകളിലെയും ജലജീവൻ മിഷൻ പദ്ധതിയുടെ ജല സ്രോതസ്സായ ഭാരതപുഴയിലെയും ജലം മലിനമാക്കുമെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല.<br><br>പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റാണ് ഈ പദ്ധതിയിലൂടെ നിലവിൽ വരാൻ പോകുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങളും, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതാണ്. പദ്ധതിക്കായി നിഷ്കർഷിച്ചിരിക്കുന്ന സ്ഥലം ഭാരതപ്പുഴയിൽ നിന്നും ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത ജല സ്രോതസ്സ് മലിനമാകുന്നതിനുള്ള സാധ്യതയില്ല. വിശദമായ പഠനം നടത്തിയ ശേഷം മാത്രമേ പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയുള്ളൂ. പ്ലാന്റ് മാറ്റി സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | ജനങ്ങൾ തിങ്ങി പാർക്കുന്ന ചെല്ലൂർ പ്രദേശത്ത് ഈ പ്ലാന്റ് വരുന്നത് പ്രദേശത്തെ ജനങ്ങൾക്ക് സങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങളും മാറാരോഗങ്ങളും പകർച്ച വ്യാധികളും ഉണ്ടാക്കുമെന്ന ആശങ്ക കണക്കിലെടുത്ത് പ്രസ്തുത പ്ലാന്റ് പ്രദേശത്ത് നിന്നും മാറ്റണമെന്നുള്ള പ്രദേശവാസികളുടെയും കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും ആവശ്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല.<br><br>പൊതുജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റാണ് ഈ പദ്ധതിയിലൂടെ നിലവിൽ വരാൻ പോകുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ മാനദണ്ഡങ്ങളും, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ൽ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതാണ്. പദ്ധതിക്കായി നിഷ്കർഷിച്ചിരിക്കുന്ന സ്ഥലം ഭാരതപ്പുഴയിൽ നിന്നും ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ പ്രസ്തുത ജല സ്രോതസ്സ് മലിനമാകുന്നതിനുള്ള സാധ്യതയില്ല. വിശദമായ പഠനം നടത്തിയ ശേഷം മാത്രമേ പദ്ധതിയുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുകയുള്ളൂ. പ്ലാന്റ് മാറ്റി സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ